I ഇ.ബി. XIV - കേരള നിയമസഭ /X-12

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 15, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I. അടിയന്തരപ്രമേയം

ധനപ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാന നികുതി വിഹിതം സംബന്ധിച്ചുള്ള അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നിരസിച്ചുകൊണ്ടും വിനോദ നികുതി, പരസ്യ നികുതി എന്നിവയിൽ നിന്നുള്ള വരുമാനം നഷ്ടപ്പെട്ടുകൊണ്ടും സർക്കാർ അധികഭാരം അടിച്ചേൽപ്പിക്കുന്നതിനാൽ കേരളത്തിലെ പ്രാദേശിക സർക്കാരുകൾ

നേരിടുന്നതായി പറയപ്പെടുന്ന രൂക്ഷമായ ധനപ്രതിസന്ധിയെക്കുറിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഗൗരവമായ യാതൊരു ധനപ്രതിസന്ധിയും നിലവിലില്ല. കഴിഞ്ഞ വർഷം പ്ലാൻ അടങ്കൽ തുകയുടെ 45 ശതമാനമാണ് ഈ സമയം വരെ ചെലവാക്കിയതെങ്കിൽ നടപ്പുവർഷത്തിൽ അത് 60.6 ശതമാനമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവിൽ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ഫണ്ട് ക്യാരിഓവർ ചെയ്യുന്നതിന് പ്രത്യേക അനുവാദം നൽകുന്നതാണ്. വിനോദ നികുതിയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് തുടർന്നുവന്നിരുന്ന സമ്പ്രദായം കീഴ്മേൽ മറിക്കുന്ന ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ സ്വീകാര്യമല്ലെന്ന നിലപാടാണ് സർക്കാർ എടുത്തത്. യൂണിയൻ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും അധികമായി നൽകണമെന്ന നിർദ്ദേശമാണ് പ്രധാനമായും നിരാകരിച്ചത്. ജനകീയാസൂത്രണം

ആരംഭിച്ച കാലം മുതൽ സ്രോതസ് എവിടെയായാലും  ബഡ്ജറ്റ് വഴി നൽകുന്ന എല്ലാ തുകകളും ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. വേൾഡ് ബാങ്കിൽ നിന്നും വായ്പയെടുത്ത് നൽകിയപ്പോഴും ഡെവലപ്മെന്റ് ഫണ്ടിന്റെ ഭാഗമായിട്ടാണ് നൽകിയത്. അതുകൂടി ഉൾപ്പെടുത്തിയില്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ അസന്തുലിതമാകുന്ന അവസ്ഥയുണ്ടാകുമെന്നതിനാലാണ് അത്തരമൊരു നിലപാട് സ്വീകരിച്ചത്. അതുകൊണ്ട് യാതൊരു അപാകതയും സംഭവിച്ചിട്ടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കുന്ന നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര-സംസ്ഥാന ധനകാര്യ കമ്മീഷനുകൾക്ക് ഭരണഘടനാപരമായി തുല്യ പദവിയാണുള്ളത്. സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്മേൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വരുത്തിയ കാലതാമസംമൂലം പ്രാദേശിക സർക്കാരുകൾക്ക് കമ്മീഷൻ ശിപാർശ പ്രകാരം ലഭിക്കേണ്ട നികുതി വിഹിതവും മറ്റ് ഗ്രാന്റുകളും ലഭിക്കാത്ത സാഹചര്യമുണ്ടായി. കമ്മീഷൻ ശിപാർശ ചെയ്തതിനേക്കാൾ കുറഞ്ഞ വിഹിതമാണ് സർക്കാർ അനുവദിച്ചത്. ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിശോധിച്ചാൽ സർക്കാർ ഭരണഘടനാലംഘനവും നിയമലംഘനവും നടത്തിയതായി ബോദ്ധ്യപ്പെടും. തനതു നികുതി

വരുമാനത്തിന്റെ നിശ്ചിത ശതമാനം ഓരോ വർഷവും ഒരു ശതമാനം വീതം വർദ്ധിപ്പിച്ച് അവസാനവർഷം 24 ശതമാനമാക്കണമെന്ന കമ്മീഷന്റെ ശിപാർശ സർക്കാർ പൂർണ്ണമായി നിരാകരിച്ചു. അതാത് വർഷം പ്രാദേശിക സർക്കാരുകൾക്ക് വിഹിതം നിശ്ചയിക്കണമെന്ന ശിപാർശയും സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി ഫണ്ടിൽ യൂണിയൻ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്താൻ പാടില്ലെന്ന ശിപാർശയും സർക്കാർ അവഗണിച്ചു. ആസ്തികളുടെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് കൊടുക്കണമെന്ന ശിപാർശ നിരാകരിച്ചതിന് ഒരു ന്യായീകരണവുമില്ല. തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ പന്ത്രണ്ട് ഗഡുക്കളായി നൽകണമെന്ന ശിപാർശ മുമ്പ് അതിനുവേണ്ടി വാദിച്ച ധനകാര്യ വകുപ്പുമന്ത്രി തന്നെ തള്ളിക്കളഞ്ഞത് അത്ഭുതാവഹമാണ്. ധനകാര്യ കമ്മിഷന്റെ ശിപാർശകൾ നിരസിച്ചുകൊണ്ട് അധികാരവികേന്ദ്രീകരണത്തെ അട്ടിമറിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അങ്കണവാടി ജീവനക്കാർക്ക് അനുവദിച്ച അധിക വേതനത്തിന്റെ അൻപത് ശതമാനം അതാത് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വഹിക്കണമെന്ന നിർദ്ദേശം അപലപനീയമാണ്. പ്രാദേശിക സർക്കാരുകൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിനോദ നികുതിയിൽ നിന്നുള്ള വരുമാനം എട്ട് മാസമായി മുടങ്ങിയിരിക്കുന്നതിന് പുറമെ പരസ്യ നികുതിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായി നിലച്ചിരിക്കുന്ന

അവസ്ഥയുമാണ്. പി.എം.എ.വൈ. പദ്ധതി വിഹിതം മൂന്ന് ലക്ഷം രൂപയിൽ നിന്ന് നാല് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചെങ്കിലും സർക്കാർ തുക നൽകിയിട്ടില്ലെന്ന് മാത്രമല്ല, ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ടും തുകയൊന്നും നൽകാതെ ഇവയുടെ പ്രവർത്തനം അവതാളത്തിലാക്കുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഈ സർക്കാർ അങ്കണവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചപ്പോൾ മുൻ കാലങ്ങളിൽ സ്വീകരിച്ച നയസമീപനത്തിൽ നിന്ന് വ്യത്യസ്തമായി വർദ്ധിപ്പിച്ച തുകയുടെ പകുതി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു. ലൈഫ് പദ്ധതിക്കായി ബഡ്ജറ്റിൽ 2500 കോടി രൂപ വകയിരുത്തി. തദ്ദേശ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് അപര്യാപ്തമായാൽ സർക്കാർ ഗ്യാരണ്ടിയിൽ ഭവന വായ്പ എടുക്കാൻ സാധിക്കും. ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങൾ അതേ രൂപത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ധനസ്ഥിതിയെ ഗുരുതരമായി ബാധിക്കും. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല,

കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധക്ഷണിക്കൽ**

(1) കാൻസർ, വൃക്ക രോഗങ്ങളുടെ നിയന്ത്രണം

ശ്രീ. സി. കെ. നാണു: സംസ്ഥാനത്ത് കാൻസർ, വൃക്ക രോഗങ്ങൾ വർദ്ധിച്ചുവരുന്നത് ഗൗരവമായി കാണേണ്ടതാണ്. നിലവിൽ ചികിത്സയ്ക്കായി നിരവധി സംവിധാനങ്ങളുണ്ടെങ്കിലും ഇത്തരം രോഗങ്ങൾ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം പത്തിലൊരാൾക്ക് വൃക്ക രോഗമുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഈ രണ്ട് രോഗങ്ങളും പ്രാരംഭഘട്ടത്തിൽ കണ്ടുപിടിക്കാൻ സാധിച്ചാൽ ഫലപ്രദമായി ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നതാണ്. കീടനാശിനി തളിച്ച പച്ചക്കറികൾ, പുകയില, പാക്കറ്റിലാക്കിയ ചില ഭക്ഷ്യധാന്യങ്ങൾ എന്നിവ നിരോധിക്കുകയും ശുദ്ധമായ കുടിവെള്ളവും, വായുവും ലഭ്യമാക്കുകയും ചെയ്താൽ ഒരു പരിധിവരെ ഈ രോഗങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ സാധിക്കും. ഈ രംഗത്ത് മികച്ച ഗവേഷണം നടത്തുന്നതിന് ആരോഗ്യവകുപ്പിന് കൂടുതൽ തുക അനുവദിക്കണം.

ആയുർവേദ-ഹോമിയോ മേഖലകളിൽക്കൂടി ഈ രോഗങ്ങൾക്ക് ചികിത്സ നടത്തുന്നതിന് സാധിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കാൻസർ, വൃക്ക രോഗങ്ങൾ ഇന്ന് ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. പ്രാരംഭഘട്ടത്തിൽ കണ്ടെത്തിയാൽ ഒരു പരിധിവരെ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും. ഈ രോഗങ്ങൾ തടയുന്നതിന് സർക്കാർ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കാൻസർ സംബന്ധമായ അറിവ് ജനങ്ങളിലെത്തിക്കുന്നതിനായി ഏർളി ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ശ്വാസ് ക്ലിനിക്കുകൾ സ്ഥാപിക്കുകയും കേരളത്തിലെ മുഴുവൻ കാൻസർ രോഗികളെയും കണ്ടെത്തി രജിസ്ട്രി തയ്യാറാക്കി പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചിൻ കാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും നിലവിലുള്ള 5 മെഡിക്കൽ കോളേജുകളിൽ പ്രത്യേക മിനി കാൻസർ സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് ആന്റ് കീമോ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും ജനറൽ ആശുപത്രികളിൽ മാമോഗ്രാം മെഷീൻ സ്ഥാപിക്കുകയും

ചെയ്തിട്ടുണ്ട്. ഏർലി ഡിറ്റക്ഷനും ചികിത്സയും ഫലപ്രദമായി നടപ്പിലാക്കാൻ കാൻസർ കെയർ ഗ്രിഡ് സ്ഥാപിക്കാനും കാൻസർ സ്ട്രാറ്റജി പുറത്തിറക്കാനും തീരുമാനിച്ചിട്ടുണ്ട്. കണ്ണൂരിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച 'ആയൂർ ദീപ്തം' പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. കിഡ്നി രോഗം വ്യാപകമാകുന്ന സാഹചര്യത്തിൽ 47 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുകയും 75 താലൂക്ക് ആശുപത്രികളിൽകൂടി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്. കാൻസറിനെ പ്രതിരോധിക്കുന്നതിന് ആയുർവേദ ചികിത്സാ രീതികളെ പ്രോത്സാഹിപ്പിക്കുന്നതാണ്.

(2) കൊച്ചി മെട്രോ വില്ലേജ്

ശ്രീ. പി. ടി. തോമസ്: കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ദീർഘവീക്ഷണത്തോടുകൂടി ആരംഭിച്ച മെട്രോ സിറ്റിക്കായി കാക്കനാടുനിന്നും 17.415 ഏക്കർ സ്ഥലം വിട്ടുകൊടുത്തിരുന്നുവെങ്കിലും കാര്യമായ പുരോഗതിയൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. മെട്രോയുടെ രണ്ടാംഘട്ടമായ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള സ്ഥലമേറ്റെടുക്കൽ നടപടികളും മന്ദഗതിയിലാണ്. 189 കോടി രൂപ അനുവദിച്ചെങ്കിലും തുക ചെലവഴിക്കാനോ സോഷ്യൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡി നടത്താനോ നടപടിയെടുത്തിട്ടില്ല. സ്ഥലം മെട്രോയ്ക്ക് കൈമാറാൻ കളക്ടർ ഉത്തരവിട്ടെങ്കിലും ഫയൽ സർക്കാർ

പെന്റിംഗിൽ വച്ചിരിക്കുകയാണ്. ആയതിനാൽ കേരളത്തിന്റെ അഭിമാനമായ മെട്രോ രണ്ടാംഘട്ടത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടി വേഗത്തിലാക്കാനും മെട്രോ സിറ്റിയുടെ പണി പൂർത്തീകരിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജവഹർലാൽനെഹ്രു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെ കൊച്ചി മെട്രോയുടെ രണ്ടാംഘട്ടം നടപ്പാക്കാനായി ഭരണാനുമതി നൽകിയെങ്കിലും 2017-ലെ മെട്രോ റെയിൽ പോളിസിക്കനുസൃതമായി വിശദമായ പദ്ധതി റിപ്പോർട്ടിൽ മാറ്റംവരുത്തി സമർപ്പിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ഡി.പി.ആർ. കേന്ദ്ര സർക്കാരിന് അയച്ചശേഷം അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. കൊച്ചി മെട്രോ പദ്ധതിക്ക് അനുമതി നൽകിയപ്പോൾ പ്രോപ്പർട്ടി ഡെവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ ഉപാധി വയ്ക്കുകയും ജില്ലാ കളക്ടർ ഇതിനായുള്ള സ്ഥലം അളന്നുതിരിച്ച് കൊച്ചി മെട്രോയ്ക്ക് നൽകാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. മെട്രോ രണ്ടാംഘട്ടത്തിന്റെ സ്ഥലമേറ്റെടുക്കൽ വേഗത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## III സബ്മിഷൻ

(1) വനിതാ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഒരു സീനിയർ വനിതാ ഐ.പി.എസ്. ഓഫീസറുടെ നേതൃത്വത്തിൽ ടീമിനെ നിയോഗിച്ച് എക്സൈസ് വകുപ്പിലെ വനിതാ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ അന്വേഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): എക്സൈസ് വകുപ്പിലെ വനിതാ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഗവൺമെന്റിനോ എക്സൈസ് കമ്മീഷണർക്കോ പരാതിയൊന്നും ലഭിച്ചിട്ടില്ല. മനുഷ്യാവകാശ കമ്മീഷന് ലഭിച്ച അനോണിമസ് പെറ്റീഷൻ പരിശോധനയ്ക്കായി എക്സൈസ് കമ്മീഷണർക്ക് അയച്ചുകൊടുക്കുകയും നിജസ്ഥിതി വകുപ്പുതലത്തിൽ പരിശോധിച്ച് മൂന്നുദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ വനിതാ ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പരാതികൾ സമർപ്പിക്കുന്നതിനായി 138 റേഞ്ച് ഓഫീസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും അവയുടെ നിയന്ത്രണം കമ്മീഷണറിൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ

പരിശോധിക്കാനും ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇക്കാര്യങ്ങൾ സംബന്ധിച്ച് എക്സൈസ് കമ്മീഷണറുമായി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) മധുസൂദനന്റെ തിരോധാനം

ശ്രീ. ചിറ്റയം ഗോപകുമാർ : പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് മെമ്പർ മധുസൂദനനെ കണ്ടെത്തുന്നതിന് പ്രത്യേക പോലീസ് സംഘം രൂപീകരിച്ച് അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് മെമ്പർ മധുസൂദനനെ കാണാനില്ലെന്ന ഭാര്യയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരിയാണ്. തിരിച്ചറിയൽ രേഖകളും ഫോട്ടോയും എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും അയച്ചുകൊടുക്കുകയും ഫോട്ടോ പതിച്ച ലുക്ക് ഔട്ട് നോട്ടീസ് കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളുടെ വിവിധ ഭാഗങ്ങളിൽ പതിക്കുകയും പത്രമാധ്യമങ്ങളിൽ അവ പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മധുസൂദനൻ ഉപയോഗിച്ചിരുന്ന മൊബൈൽ നമ്പർ പിന്തുടരുന്നതിന് പത്തനംതിട്ട സൈബർ സെല്ലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൊടുമൺ എസ്.എച്ച്.ഒ.-യുടെ

നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. ഉന്നതതല അന്വേഷണത്തിന് ഡി.ജി.പി.-ക്ക് നിർദ്ദേശം നൽകുന്നതാണ്.

(3) <u>നിലമ്പൂർ ഫയർ സ്റ്റേഷൻ</u>

<u>ശ്രീ. പി. വി. അൻവർ</u>: നിലമ്പൂർ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പട്ടികജാതി വകുപ്പിന്റെ അധീനതയിലുള്ള ജവഹർ കോളനിയിൽനിന്നും സ്ഥലം വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): നിലമ്പൂർ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 60 സെന്റ് സ്ഥലം പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നിലമ്പൂർ ജവഹർ കോളനി പരിസരത്ത് ലഭ്യമാണെന്ന് കണ്ടെത്തുകയും ആയത് അഗ്നിരക്ഷാ വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി കൈമാറ്റം പൂർത്തിയാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(4) <u>കോംട്രസ്റ്റ് നെയ്ത്തുഫാക്ടറിയും അനുബന്ധ കെട്ടിടങ്ങളും</u>

<u>ഡോ. എം. കെ. മുനീർ</u> : കോംട്രസ്റ്റ് നെയ്ത്തുഫാക്ടറിയും അനുബന്ധ കെട്ടിടങ്ങളും സംരക്ഷിത പൈതൃകമായി പ്രഖ്യാപിക്കുന്നതിനും തൊഴിലാളികളുടെ സംരക്ഷണത്തിനായി വ്യവസായ മ്യൂസിയവും ഉല്പാദന കേന്ദ്രവും സ്ഥാപിക്കുന്നതിനും

നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ചരിത്രപരവും പുരാവസ്തു പ്രാധാന്യമുള്ളതുമായ കോംട്രസ്റ്റ് വീവിംഗ് ഫാക്ടറി കെട്ടിടം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന കേസ്സിന്റെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ കെട്ടിടം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടി സ്വീകരിക്കാൻ കഴിയൂ. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്യുന്നതാണ്.

## (4) കുടിവെള്ള പദ്ധതികൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കോട്ടക്കൽ നിയോജക മണ്ഡലത്തിലെ തിരുനാവായ-കാടാമ്പുഴ കുടിവെള്ള പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിനും കിഫ്ബിയിൽ ഉൾപ്പെടുത്തിയ എടയൂർ-ഇരുമ്പിളിയം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തിരുനാവായ-കാടാമ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകളിൽ വിതരണശൃംഖല സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക പുനർനിജപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തിയ എടയൂർ-ഇരുമ്പിളിയം-വളാഞ്ചേരി കുടിവെള്ള പദ്ധതി സംബന്ധിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(5) <u>സബ്ട്രഷറി</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന സബ് ട്രഷറിയുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനും വേഗത്തിൽ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കി ഇൻകെൽ വഴി നടപ്പാക്കുന്നതിന് മുൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരുന്നെങ്കിലും പിന്നീട് വന്ന യു.ഡി.എഫ്.സർക്കാർ തുടർനടപടികൾ സ്വീകരിച്ചില്ല. പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽതന്നെ ശാസ്താംകോട്ട സബ് ട്രഷറിയുടെ നിർമ്മാണം ഏറ്റെടുക്കുന്നതാണ്.

(6) <u>ധനസഹായം</u>

<u>ശ്രീ. കെ. ആൻസലൻ</u>: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഓഖി ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകാൻ നടപടി

സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഓഖി ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ച നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കർഷകരിൽ വിള ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളായവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഈ സ്കീമിൽ അംഗമല്ലാത്ത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി മറ്റു വകുപ്പുകൾ മുഖേന ലഭിക്കേണ്ട ഫണ്ട് കൃഷി വകുപ്പിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക വേഗത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) കുറ്റാലം കൊട്ടാരവും അനുബന്ധ ഭൂമിയും

ശ്രീമതി പി. അയിഷാ പോറ്റി: കുറ്റാലം കൊട്ടാരവും അനുബന്ധ ഭൂമിയും സംരക്ഷിക്കുന്നതിനും ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരള സർക്കാരിന്റെ അധീനതയിലുള്ള കുറ്റാലം കൊട്ടാരവും അനുബന്ധ ഭൂമിയും സംരക്ഷിക്കുന്നതിനായി നിയമിച്ച പാലസ് സൂപ്രണ്ടിനെ, ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും അന്വേഷണം നടത്തിവരികയുമാണ്. കുറ്റാലം കൊട്ടാരത്തിന്റെ ദൈനംദിന

പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടുകയും സ്ഥിരം കെയർ ടേക്കറെയും താൽക്കാലിക ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുകയും ഭൂനികുതി അടയ്ക്കുകയും ലോക്കൽ പോലീസിന്റെ സംരക്ഷണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൊട്ടാരത്തിലെ വസ്തു വകകളിൽ അവകാശവാദമുന്നയിച്ച് മദ്രാസ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് സർക്കാർ കൈകാര്യം ചെയ്തുവരികയാണ്. ഭൂനികുതി സ്വീകരിക്കാത്തതിനും വൈദ്യുതി വിച്ഛേദിച്ചതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

## (8) റെയിൽവേ മേൽപ്പാലം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി ഗുരുവായൂരിൽ റെയിൽവേ മേൽപ്പാലം നിർമ്മിച്ച് ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 33.63 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾക്കായി സ്പെഷ്യൽ തഹസിൽദാറെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയോഗിക്കുകയും അലൈൻമെന്റിന്റെ സംയുക്ത പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് കണ്ടിൻജൻസി ചാർജ് അറിയിക്കുന്ന മുറയ്ക്ക് തുടർ നടപടി ത്വരിതപ്പെടുത്തുന്നതാണ്.

(9) <u>പട്ടയം നൽകൽ</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: കെ.എസ്.ഇ.ബി. ഉപേക്ഷിച്ച പദ്ധതി പ്രദേശത്ത് മൂന്നുചെയിൻ നിവാസികൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>): ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് പട്ടയം നൽകുന്നതിന് തടസ്സമില്ല. ഇടുക്കി പദ്ധതി അടക്കമുള്ള പദ്ധതി പ്രദേശത്തെ പത്ത് ചെയിൻ ബെൽറ്റിൽ പട്ടയം കൊടുക്കാൻ പാടില്ലെന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിരോധിതമേഖലയായി നിശ്ചയിച്ചിട്ടുള്ളത്. ഇത് സർക്കാരോ വൈദ്യുതി ബോർഡോ നഷ്ടപരിഹാരം നൽകി എടുത്തിട്ടുള്ള ഭൂമിയല്ല. ഇവിടെ കാലാകാലങ്ങളായി താമസിച്ച് കൃഷി ചെയ്യുന്നവർക്ക് പട്ടയം നൽകണമെന്ന ആവശ്യം ന്യായമാണെന്നു മാത്രമല്ല കൃഷി അടക്കമുള്ള പ്രവർത്തനങ്ങൾ വൈദ്യുത

പദ്ധതികൾക്ക് തടസ്സങ്ങൾ സൃഷ്ടിക്കുന്നവയുമല്ല. ഈ സർക്കാൻ അധികാരത്തിൽ വന്നതിനുശേഷം ഏഴ് ചെയിൻ ബെൽറ്റിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പട്ടയ പ്രശ്നം പരിഹരിക്കുന്ന കാര്യം വൈദ്യുതി/റവന്യൂ/ആഭ്യന്തര വകുപ്പുകൾ കൂടിയാലോചിച്ച് തീരുമാനിക്കുന്നതാണ്.

## IV ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

<u>ദി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസ് 2018 (എസ്.ആർ.ഒ. നം. 861/2017)നുള്ള ഭേദഗതികളുടെ പരിഗണന</u>

<u>ശ്രീ. വി. ടി. ബൽറാം</u>: 1, 3, 9, 10, 22, 24, 27, 28, 29 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: 2, 4, 8, 11, 26, 30 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: 6, 12, 15, 16, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: 5 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: 7, 13, 17 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 14, 23 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: 18, 19, 20, 21, 25 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 30-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. അതോടൊപ്പം ചട്ടം 14(b)-ൽ "any Government Departments or Constitutional Bodies" എന്നതിൽ "any Constitutional Bodies" എന്ന വാക്കുകൾ ഒഴിവാക്കണമെന്ന ഔദ്യോഗിക ഭേദഗതിയും അവതരിപ്പിക്കുന്നു.

10. In rule 9(f) for the words "date of the order of his first appointment to KAS", the words "date of PSC advice to KAS" shall be substituted.

30. In Schedule II, before "Senior Time Scale Posts" rewrite "Table I" as "Table II".

സ്ട്രീം I-ൽ മാത്രമെ സംവരണം ബാധകമാക്കിയിട്ടുള്ളു. തസ്തികമാറ്റം വഴി നിയമനം നടത്തുന്ന മറ്റ് രണ്ട് വിഭാഗത്തിലും സംവരണം ബാധകമല്ല. സർവ്വീസിൽ വന്നതിനുശേഷം വീണ്ടും സംവരണം നൽകുക എന്ന നിലപാട് സ്വീകരിക്കുന്നില്ല.

സംവരണത്തിന് എതിരായ നടപടിയാണെന്ന് വ്യാഖ്യാനിക്കപ്പെട്ട സാഹചര്യത്തിൽ ഇതുസംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം കൂടി അറിഞ്ഞതിനുശേഷം ആവശ്യമെങ്കിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വയ്ക്കുന്നതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയും ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 30-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

**റൂളിംഗ്**

<u>ചട്ടത്തിനുള്ള ഭേദഗതി</u>

<u>മി. സ്പീക്കർ</u>: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നൽകിയ "സ്പെഷ്യൽ റൂൾസ് ഫോർ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ്(മത്സ്യഫെഡ്)" എന്ന ചട്ടത്തിനുള്ള ഭേദഗതി നോട്ടീസ് വിശദമായ പരിശോധനയിൽ സ്റ്റാറ്റ്യൂട്ടറി ചട്ടം (SRO) അല്ലെന്നും സർക്കാരിനുകീഴിലെ ഒരു സ്ഥാപനമായ മത്സ്യഫെഡിനെ സംബന്ധിക്കുന്ന ചട്ടമാണെന്നും കണ്ടെത്തിയിട്ടുള്ളതിനാൽ പ്രസ്തുത ചട്ടത്തിന്മേലുള്ള ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ട

ഉത്തരവാദിത്വം സർക്കാരിനുതന്നെയാണ്. ക്രമപ്രകാരമല്ലാത്ത പ്രസ്തുത നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

## VI **ധനകാര്യം**

### 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ 1 ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം (1819,63,75,000 രൂപ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം (749,78,37,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം (181,56,18,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV - വനം (732,90,56,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ

ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കാനും ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതുമൂലം സാധാരണക്കാരായ ആളുകൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. വാതിൽപ്പടി അരി വിതരണത്തിലെ അപാകത പരിഹരിക്കുകയും നെല്ല് സംഭരണത്തിൽ മില്ലുടമകളുടെയും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുണ്ടാകുന്ന അനാസ്ഥ ഒഴിവാക്കുകയും ചെയ്യണം. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാത്ത നടപടി ശ്ലാഘനീയമാണ്. സംസ്ഥാനത്ത് പാലുൽപ്പാദനം 85 ശതമാനമായി വർദ്ധിപ്പിച്ചതിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കൃത്രിമ പാലിന്റെ വരവിൽ ഗണ്യമായ കുറവുണ്ടായി. വന്യമൃഗങ്ങളുടെ ആക്രമണവും കാർഷിക വിളകൾ നശിപ്പിക്കപ്പെടുന്നതും തടയുന്നതിന് നടപടി സ്വീകരിക്കണം. വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങുന്നത് തടയുന്നതിന് വനത്തിനുള്ളിൽതന്നെ ജലവും ആഹാരവും ലഭ്യമാകുന്നവിധത്തിലുള്ള ആവാസ വ്യവസ്ഥ സൃഷ്ടിക്കണം. വനത്തിനുള്ളിൽ തടയണകൾ കെട്ടി ജലം

സംരക്ഷിക്കുന്നതിനും ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനും നടപടി സ്വീകരിക്കണം. ഉദുമ മണ്ഡലത്തിലെ മയ്യള-പരപ്പ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. തിരുവനന്തപുരം കാഴ്ചബംഗ്ലാവിനെ പ്രഥമ സ്ഥാനത്തേയ്ക്ക് ഉയർത്തിയ നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. അനിൽ അക്കര: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിക്കുന്ന അരിയിൽ നിരോധിത കീടനാശിനി തളിക്കുന്നതുമൂലം ദുർഗന്ധം അനുഭവപ്പെടുകയും ദന്തൽ/ന്യൂറോ സംബന്ധമായ അസുഖങ്ങൾ ജനങ്ങളിൽ വ്യാപകമാകുകയും ചെയ്യുന്നതിനാൽ ഗോഡൗണുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കൃത്രിമ പാലിന്റെ ഗുണമേന്മ പരിശോധിക്കുകയും അടിസ്ഥാന സൗകര്യമുള്ള സ്ഥലങ്ങളിൽ പശുവിനെ വളർത്തുന്നതിന് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുകയും ചെയ്യണം.

ശ്രീമതി സി. കെ. ആശ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വന്യജീവി ബാഹുല്യം കണക്കിലെടുത്ത് ആഫ്രിക്കൻ മോഡൽ സഫാരി പാർക്ക് സ്ഥാപിക്കുന്നതിനും വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനും ജനജാഗ്രതാ സമിതികൾക്ക് കൂടുതൽ അധികാരം നൽകുന്നതിനും വൈൽഡ് വാച്ച് ആപ്ലിക്കേഷൻ വന്യജീവി ആക്രമണമുണ്ടാകുന്ന

പ്രദേശങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനും നടപടി സ്വീകരിക്കണം. പങ്കാളിത്ത വന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ആഗോളതാപനവും പാരിസ്ഥിതിക വെല്ലുവിളികളും നേരിടുന്നതിന് ജനകീയ പങ്കാളിത്തത്തോടുകൂടി വന-ജല സംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നതിനും മുൻഗണന നൽകണം. ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയതിലൂടെ സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടുകൾ സ്വാഗതാർഹമാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുവിതരണ മേഖല രൂക്ഷമായ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. 10-03-2018-ലെ പ്ലാനിംഗ് ബോർഡിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് ഭക്ഷ്യപൊതുവിതരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച തുകയുടെ 16.15 ശതമാനവും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് അനുവദിച്ച തുകയുടെ 13.48 ശതമാനവും ലീഗൽ മെട്രോളജി വകുപ്പിലൂടെ അന്നപൂർണ്ണ പദ്ധതിക്കായി അനുവദിച്ച തുകയുടെ 4.62 ശതമാനവും മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂവെന്നത് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. അട്ടപ്പാടി ആദിവാസിമേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിലും മുഴുവൻ ആദിവാസി ഊരുകളിലും പദ്ധതികളുടെ ഗുണഫലം എത്തിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

റേഷൻ പൊതു വിതരണരംഗത്ത് നിലനിൽക്കുന്ന അപാകതകളും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കാൻ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിലെ ബ്ലോക്കുകളിൽ ക്ഷീരവികസനവുമായി ബന്ധപ്പെട്ട് ആവശ്യത്തിന് ഇംപ്ലിമെന്റിംഗ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും യഥാസമയം പദ്ധതികൾ നടപ്പിലാക്കുന്നതിനും സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതിനും മുൻഗണന നൽകുന്നതോടൊപ്പം കർഷകർക്ക് ഒരേ സമയം രണ്ട് പെൻഷൻ നൽകാൻ പാടില്ലെന്ന സർക്കാർ തീരുമാനം പുന:പരിശോധിക്കാനും തയ്യാറാകണം. ഡയറി സോൺ പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതോടൊപ്പം ക്യാറ്റിൽ ഫീഡ്സിന്റെയും പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. വനമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനും കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക-മൃഗസംരക്ഷണ മേഖലയിൽ കർഷകരെ സഹായിക്കുന്ന ഒട്ടേറെ പദ്ധതികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ആർ.സി.ഇ.പി. കരാറിൽ ഒപ്പിടാനുള്ള കേന്ദ്ര സർക്കാർ നീക്കം തടയുന്നതിന് സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം ക്ഷീരമേഖല ഉൾപ്പെടെയുള്ള കാർഷിക മേഖല നേരിടേണ്ടിവരുന്ന പ്രതിസന്ധിയും

കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് എ 2 മിൽക്ക് ഇറക്കുമതി ചെയ്യുന്നതിലൂടെ ക്ഷീര മേഖലയിൽ ഉണ്ടായേക്കാവുന്ന അപകടാവസ്ഥ തരണം ചെയ്യാനും കാർഷിക നയം സമയബന്ധിതമായി നടപ്പിലാക്കാനും കഴിയണം. ഭ്രൂണമാറ്റ സാങ്കേതിക വിദ്യയിലൂടെ പശുക്കളിലെ പാൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സങ്കര ഇനം കന്നുകാലികളിലെ വന്ധ്യത ചികിത്സിച്ച് ഭേദമാക്കുന്നതിനും നടപടി സ്വീകരിക്കണം. കന്നുക്കുട്ടികൾക്ക് കുറഞ്ഞത് 4 മാസമെങ്കിലും പാൽ നൽകുന്നതിന് 'മിൽക്ക് റീപ്ലേസർ' പദ്ധതി നടപ്പാക്കണം.

ശ്രീ. പി. സി. ജോർജ്: മലയോര ഹൈവേ പ്രാവർത്തികമാക്കുന്നതിനും മൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ബി. ഡി. ദേവസ്സി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. റേഷൻ കാർഡ് വിതരണം, പരാതി പരിഹരിക്കൽ, കടകളിൽ നേരിട്ട് ഭക്ഷ്യധാന്യമെത്തിക്കൽ, ഭക്ഷ്യവിതരണം, വാതിൽപ്പടി വിതരണം എന്നിവ അഭിനന്ദനാർഹമാണ്. ഭക്ഷ്യധാന്യ അളവ് യഥാസമയം ഫോൺ വഴി എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെ അറിയിക്കൽ, ഇ-പോസ് യന്ത്ര സ്ഥാപനം, സോഷ്യൽ ഓഡിറ്റ് സംവിധാനം, പ്രൈസ് മോണിറ്ററിംഗ് സെൽ

രൂപീകരണം എന്നിവ ശ്ലാഘനീയമാണ്. സപ്ലൈകോയിൽ അധിക തസ്തിക സൃഷ്ടിക്കാൻ കഴിഞ്ഞതും  മുടങ്ങിക്കിടന്നിരുന്ന റേഷൻ കാർഡ് വിതരണം പൂർത്തിയാക്കാൻ സാധിച്ചതും റേഷൻ കാർഡിൽ നിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തിയതും പ്രശംസനീയമാണ്.  പുതിയ റേഷൻ കാർഡിന് ഓൺ ലൈൻ അപേക്ഷാ സംവിധാനം ഏർപ്പെടുത്തിയതും റേഷൻ വിതരണത്തിലെ സുതാര്യത ഉറപ്പാക്കാൻ പോർട്ടൽ സംവിധാനം ആരംഭിച്ചതും റേഷൻ കട ഉടമകൾക്ക് ശമ്പളം നൽകാൻ തീരുമാനിച്ചതും മുടങ്ങിക്കിടന്ന ആട്ട വിതരണം പുനഃസ്ഥാപിക്കാൻ സാധിച്ചതും ശ്രദ്ധേയമാണ്. സപ്ലൈകോ വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി ഇനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്ന വാഗ്ദാനം യാഥാർത്ഥ്യമാക്കാൻ സാധിച്ചത് പ്രശംസനീയമാണ്.  മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾ ബസാറുകൾ എന്നിവ പുതിയതായി ആരംഭിച്ചതും വിശേഷാവസരങ്ങളിൽ  കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നത് തടയാൻ സാധിച്ചതും നെല്ല് സംഭരണത്തിന് പി.ആർ.എസ്. ലോൺ പദ്ധതി ആരംഭിച്ചതും ശ്രദ്ധേയമാണ്. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളിൽ അംഗപരിമിതർ, ഭിന്നശേഷിക്കാർ, നിരാലംബരായ വിധവകൾ എന്നിവർക്ക് ഇളവ് അനുവദിക്കുന്നതിനും വർഷങ്ങളായി സസ്പെന്റ് ചെയ്യപ്പെട്ടതും ലൈസൻസികൾക്ക് താൽപ്പര്യമില്ലാത്തതുമായ റേഷൻ കടകൾ കുടുംബശ്രീയെ ഏൽപ്പിക്കുന്നതിനും

മുൻഗണനേതര വിഭാഗങ്ങൾ, സ്ഥാപനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയ്ക്കുള്ള റേഷൻ വിഹിതത്തിലെ കുറവ് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. വന മേഖലയിൽ കൺവീനർ സംവിധാനം ഒഴിവാക്കി കോൺട്രാക്ട് ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയത് മാതൃകാപരമാണ്. വയർലെസ് കമ്മ്യൂണിക്കേഷൻ, നെറ്റ് വർക്ക് സിസ്റ്റത്തിന്റെ വ്യാപനം, ഇ-ഓഫീസ് സംവിധാനം തുടങ്ങിയവ ശ്രദ്ധേയമാണ്. വിവിധതലങ്ങളിൽ പരിശീലന പരിപാടി നടപ്പാക്കിയതും ജാഗ്രതാ സമിതികൾ രൂപീകരിച്ചതും വന്യജീവി സാന്നിദ്ധ്യം അറിയിക്കാൻ എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. വന്യജീവി ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതും വനം വകുപ്പ് ജീവനക്കാരുടെ ദിവസ വേതനം വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. വന്യജീവി ആക്രമണത്താൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. എൽ.എ. പട്ടയം കിട്ടിയവർക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിനും റീപ്ലാന്റ് ചെയ്യുന്നതിനുമുള്ള അനുമതി നൽകുകയും പുളിയിലപ്പാറ നിവാസികൾക്ക് പട്ടയം നൽകുകയോ പട്ടയം കിട്ടുന്നതുവരെ വീടുകൾ പുതുക്കിനിർമ്മിക്കുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണം.

<u>ഡോ. എൻ. ജയരാജ്</u>: അനധികൃത ട്രക്കിംഗ് നിയന്ത്രിക്കുന്നതിനും അപകട

സാധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി കണ്ടെത്തി മുൻകരുതൽ എടുക്കുന്നതിനും നടപടി സ്വീകരിക്കണം. വനപാലകർക്ക് തോക്ക് ഉപയോഗിക്കുന്നതിന് അധികാരം നൽകണം. കുന്നംപുഴ വനം നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിനും ആ പ്രദേശത്തുള്ള കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനും നടപടിയുണ്ടാകണം. വനം വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.

ശ്രീ. ജോർജ് എം. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ റേഷൻ കടകളിലൂടെ ഗുണനിലവാരമുള്ള അരിയാണ് വിതരണം ചെയ്യുന്നത്. അഴിമതി തടയുന്നതിനായി റേഷൻ സാധനങ്ങൾ കയറ്റുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. തർക്ക ഭൂമിയുടെ കൈവശരേഖ പരിശോധിച്ച് ജോയിന്റ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ജണ്ടയിടുന്നതിന് നടപടി സ്വീകരിക്കണം. ക്ഷീര വികസന മേഖലയിൽ സർക്കാർ മികച്ച പ്രവർത്തനമാണ് കാഴ്ച വച്ചിട്ടുള്ളത്. പാലുൽപ്പാദന രംഗത്ത് കേരളം സ്വയംപര്യാപ്തതയിലെത്തുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പാലിന്റെ വില വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ചെലവ് കുറഞ്ഞ രീതിയിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണം. ക്ഷീര കർഷകർക്ക് കർഷക പെൻഷൻ ലഭ്യമാക്കാനും വയനാട്

ചുരത്തിന്റെ ഹെയർപ്പിൻ ബെൻഡുകൾ ടൈൽസിടാനും നടപടി സ്വീകരിക്കണം. വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനുള്ള ഗവൺമെന്റ് നീക്കത്തെ തടസ്സപ്പെടുത്തുന്ന വനം വകുപ്പിന്റെ നിഷേധാത്മക നിലപാടിനോട് യോജിക്കാൻ കഴിയില്ല. റേഷൻ സമ്പ്രദായം ശക്തിപ്പെടുത്താനും കേന്ദ്ര ഗവൺമെന്റിൽനിന്ന് മതിയായ വിഹിതം നേടിയെടുക്കാനും യോജിച്ച പോരാട്ടമുണ്ടാകണം.

ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വന്യമൃഗങ്ങളുടെ വംശവർദ്ധനവ് നിയന്ത്രിക്കാനും വനം സംരക്ഷിക്കാനും ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഡി. കെ. മുരളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ട മുൻഗണനാ ലിസ്റ്റിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരായവരെ ഉൾപ്പെടുത്തുന്നതിനും റേഷനിംഗ് സമ്പ്രദായം അഴിമതിരഹിതമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വനസംരക്ഷണത്തിന്റെ ഭാഗമായി ജണ്ടകൾ സ്ഥാപിക്കുകയും വനത്തിനുള്ളിൽ 350-ഓളം ജലാശയങ്ങൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വനനിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തണം. ക്ഷീരവികസന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി

പശുക്കളുടെ എണ്ണവും പാലുല്പാദനവും വർദ്ധിപ്പിക്കുന്നതിനും നാടൻ ബ്രീഡുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭക്ഷ്യഭദ്രതാ നിയമപ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞില്ല. പൊതുവിഭാഗത്തിന് മതിയായ അളവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യണം. പതിമൂന്നിന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന പ്രഖ്യാപനം സ്വാഗതാർഹമാണെങ്കിലും അവയുടെ ലഭ്യത ഉറപ്പുവരുത്തണം. കൺസ്യൂമർ ഫെഡ്ഡിനും സിവിൽ സപ്ലൈസിനും മുൻ വർഷത്തെക്കാൾ കുറഞ്ഞ തുക ബഡ്ജറ്റിൽ വകയിരുത്തിയത് ഉചിതമല്ല. മണ്ണെണ്ണയുടെയും പഞ്ചസാരയുടെയും അലോട്ട്മെന്റ് വർദ്ധിപ്പിക്കുകയും നെല്ല് സംഭരണത്തിലെ അനിശ്ചിതാവസ്ഥ ഒഴിവാക്കുകയും വേണം. ആദിവാസിമേഖലയിൽ ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനും ക്ഷീരകർഷകരുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. കെ. രാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് കേന്ദ്ര സർക്കാർ

വെട്ടിക്കുറച്ചപ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ മുൻ സർക്കാർ തയ്യാറായില്ല. 2013-ൽ നിലവിൽ വന്ന ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കാൻ യു.ഡി.എഫ്. സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. എല്ലാവർക്കും റേഷൻ കാർഡ് നൽകിയത് ഈ സർക്കാരാണ്. അനർഹരെ മുൻഗണനാലിസ്റ്റിൽ നിന്നും പുറത്താക്കാൻ വളരെ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചത്. ആദിവാസി ഊരുകളിൽ നേരിട്ട് റേഷൻ സാധനങ്ങളെത്തിക്കാൻ തയ്യാറായ നടപടി അഭിനന്ദനാർഹമാണ്. പാലിന്റെ വർദ്ധിപ്പിച്ച തുക പൂർണ്ണമായും ക്ഷീരകർഷകർക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. പുത്തൂരിൽ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. മലയോര പട്ടയം നൽകുന്നതിന് അനുകൂല നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വനമേഖലയിൽ താമസിക്കുന്നവരോട് ഉദ്യോഗസ്ഥർക്കുള്ള മനോഭാവത്തിൽ മാറ്റം വരുത്തണം. വനം കയ്യേറ്റങ്ങൾ വർദ്ധിക്കുകയും വനവിഭവങ്ങൾ കൊള്ളയടിക്കപ്പെടുകയുമാണ് ചെയ്യുന്നത്. വന്യജീവി ആക്രമണം തടയുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും റാപ്പിഡ് റെസ്പോൺസ് ടീമിന് ആവശ്യമായ വാഹനങ്ങൾ നൽകുകയും വേണം. വരുമാനപരിധി ഒരു ലക്ഷം രൂപയാക്കിയതോടുകൂടി ഭൂരിഭാഗം ക്ഷീരകർഷകർക്കും പ്രോത്സാഹന ധനസഹായം ലഭിക്കുന്നില്ല. അന്യ

സംസ്ഥാനങ്ങളിൽനിന്നും മായം കലർന്ന പാൽ വരുന്നത് തടയാൻ നടപടി സ്വീകരിക്കണം. കരിഞ്ചന്ത വ്യാപകമാകുകയും വാതിൽപ്പടി വിതരണത്തിൽ അപാകത സംഭവിക്കുകയും സപ്ലൈകോയിൽ പിൻവാതിൽ നിയമനം നടത്തുകയും ചെയ്യുന്നു. റേഷൻ സാധനങ്ങൾ കടത്തുന്നത് തടയുന്നതിനായി വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. ആദിവാസി മേഖലയിൽ കൃത്യമായി ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്ത് പട്ടിണി മരണം ഒഴിവാക്കണം.

ശ്രീ. സി. കെ. ശശീന്ദ്രൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മധുവിന്റെ മരണത്തിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കാനും ആ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തി എഴുപത്തിരണ്ട് ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ഇരുനൂറ്റിനാല് ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനംമൂലം വന്യജീവികൾ നേരിടുന്ന പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകവിള തോട്ട കൃഷി അവസാനിപ്പിക്കുന്നതിനും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ഭക്ഷണവും വെള്ളവും മേച്ചിൽ സ്ഥലങ്ങളുമുൾപ്പെടെയുള്ള ആവാസവ്യവസ്ഥ വന്യജീവി സങ്കേതങ്ങളിൽ ഒരുക്കുന്നതിനും വന്യജീവികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള

വർദ്ധനവ് ശാസ്ത്രീയമായി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. വയനാട് ജില്ലയിലെ വന്യജീവി ആക്രമണം തടയുന്നതിന് റെയിൽ ഫെൻസിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. വന്യജീവി ആക്രമണത്തിനിരയായവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ച നടപടി പ്രശംസനീയമാണ്. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയമായതിനാൽ വനത്തിലൂടെയുള്ള റോഡ് നിർമ്മാണം, വൈദ്യുതീകരണം തുടങ്ങിയവയ്ക്ക് കേന്ദ്രഗവൺമെന്റിൽനിന്നും അനുമതി നേടിയെടുക്കുന്നതിനും സംയുക്ത സർവ്വേ നടത്തി കർഷകരുടെ ഭൂരേഖ പ്രശ്നം പരിഹരിക്കുന്നതിനും വനം വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന തെറ്റായ നടപടികൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പാൽ വില എസ്.എൻ.എഫ്.-ന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുകയും ക്ഷീര മേഖലയെ കാർഷിക മേഖലയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും വേണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാട്ടുതീ തടയുന്നതോടൊപ്പം വനം കയ്യേറ്റക്കാർക്കെതിരെയുള്ള കേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിനും വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാര തുക

വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. നിത്യോപയോഗ സാധനങ്ങളുടെ വിലയും ദൗർലഭ്യവും വർദ്ധിച്ചിരിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധന നടത്തി ഗുണമേന്മയുള്ള അരി വിതരണം ചെയ്യുന്നുണ്ട്. എൻ.എഫ്.എസ്.എ. പ്രകാരം 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിന് ഇടപെടൽ നടത്തുന്നുണ്ട്. ഭക്ഷ്യ വകുപ്പിന് ലഭിച്ച പ്ലാൻ ഫണ്ട് 70 ശതമാനവും നോൺ പ്ലാൻ ഫണ്ട് 100 ശതമാനവും വിനിയോഗിക്കാൻ സാധിക്കും. ഇ-പോസ് മെഷീൻ സംവിധാനം, കമ്പ്യൂട്ടർവത്ക്കരണം, ഗോഡൗൺ നിർമ്മാണം എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആദിവാസി കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി കിച്ചണിലും കൃത്യമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. നെല്ല് സംഭരണം നടത്തുകയും സംഭരണവില കർഷകർക്ക് നൽകുകയും ചെയ്യുന്നുണ്ട്. അപ്പർ കുട്ടനാട്ടിലെ കരിനിലങ്ങളിൽ ഉല്പാദിപ്പിക്കുന്ന നെല്ലിന് ഗുണമേന്മ കുറവായതിനാൽ സംഭരണത്തിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നെൽക്കർഷകർക്കും മില്ലുടമകൾക്കും ദോഷമുണ്ടാകാത്ത രീതിയിൽ നെല്ല് സംഭരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. മില്ലുകളിൽ പരിശോധന കർശനമാക്കിയും ഗുണമേന്മ

ഉറപ്പുവരുത്തിയുമാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. അപേക്ഷകർ കുറവായതിനാൽ അന്നപൂർണ്ണ പദ്ധതിയനുസരിച്ചുള്ള ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചിട്ടില്ല. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ഇ-പോസ് മെഷീൻ സ്ഥാപിക്കുകയും റേഷൻ കടക്കാർക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. മണ്ണെണ്ണയുടെയും പഞ്ചാസാരയുടെയും സംസ്ഥാന വിഹിതം വെട്ടിക്കുറയ്ക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ക്രിയാത്മക നടപടി സ്വീകരിച്ചതിനുപുറമെ സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം സബ്സിഡി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാതിരിക്കുന്നതിനും റാഗി, ചോളം, ചാമ മുതലായ ഉൽപ്പന്നങ്ങൾ പൊതുവിതരണ സമ്പ്രദായത്തിലൂടെ സംഭരിച്ച് വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഉപഭോക്തൃകാര്യ വകുപ്പ് മുഖ്യ പങ്ക് വഹിക്കും. സംസ്ഥാനത്ത് പതിനാല് ജില്ലകളിലും പരാതി പരിഹാര സെല്ലുകൾ ആരംഭിക്കുന്നതിനുപുറമെ സോഷ്യൽ ഓഡിറ്റും ഓഡിറ്റ് അഡ്വൈസറി കൗൺസിലുകളും നിലവിൽ വരികയുമാണ്. 'വിശപ്പ് രഹിത കേരളം' പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കും. റേഷൻ കടകൾ നവീകരിക്കുന്നതിനും

പുതുതായി രൂപീകരിച്ച പതിനാല്  താലൂക്കുകളിൽ ലീഗൽ മെട്രോളജി ഓഫീസ് ആരംഭിക്കുന്നതിനും മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കേരളത്തിന് പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ പരിശോധിക്കുന്നതിന് ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയും ആവശ്യമായ തസ്തിക സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. ബ്രീഡിംഗ് പോളിസിയിൽ മാറ്റം വരുത്തിക്കൊണ്ട് മികച്ചയിനം ജനുസുകൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കന്നുകുട്ടി പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനായി കാലിത്തീറ്റ സബ്സിഡി റേറ്റിൽ നൽകുന്നതിനും സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ രണ്ടരക്കോടി രൂപ ചെലവഴിച്ച് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന ഡയറി സോൺ പദ്ധതി നടപ്പിലാക്കുന്നതാണ്. നടപ്പുസാമ്പത്തിക വർഷം 10 പഞ്ചായത്തുകളിലേയ്ക്ക് ക്ഷീരഗ്രാമം പദ്ധതി വ്യാപിപ്പിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. മലപ്പുറം ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും

ഇംപ്ലിമെന്റിംഗ് ഉദ്യോഗസ്ഥരുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര ക്ഷേമനിധി പെൻഷൻ 1100 രൂപയാക്കി വർദ്ധിപ്പിക്കുകയും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് കൃത്യമായി പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കാലിത്തീറ്റ സബ്സിഡിയുടെ വരുമാനപരിധി അഞ്ച് ലക്ഷം രൂപയാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷീരമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗവൺമെന്റുമായി ചേർന്ന് 407 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഒട്ടേറെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ ഈ മേഖലയെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വനമേഖലയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള വിമർശനങ്ങളെയും അഭിനന്ദനങ്ങളെയും സ്വാഗതം ചെയ്യുന്നു. പൊന്തൻപുഴ വനമേഖലയിലെ കരിക്കാട്ടൂർ റിസർവ്വിനെ വനം വകുപ്പിന്റെ അവകാശങ്ങൾ നിലനിർത്തുന്നതിനും ആലിപ്ര, വലിയകാവ് റിസർവ്വുകളുടെ ടൈറ്റിലുമായി

ബന്ധപ്പെട്ട് നിലനിൽക്കുന്ന തെറ്റായ പരാമർശം മാറ്റുന്നതിനുംവേണ്ടി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്മേൽ എന്തെങ്കിലും വീഴ്ച സംഭവിക്കുകയാണെങ്കിൽ അപ്പീൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് കർഷകർക്കുണ്ടായിട്ടുള്ള ആശങ്ക അടിസ്ഥാനരഹിതമാണെന്നുമാത്രമല്ല കേസ് തീർപ്പാക്കി ടൈറ്റിൽ നിർണ്ണയിക്കുന്നമുറയ്ക്ക് മാത്രമേ വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന കർഷകർക്ക് നിയമപരമായി പട്ടയം നൽകുന്നതിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ. വനം കയ്യേറ്റവും കൊള്ളയും അവസാനിപ്പിക്കുന്നതിന് വനാതിർത്തിയും സ്വകാര്യ ഭൂമിയും തമ്മിലുള്ള അതിർത്തി നിർണ്ണയിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞവർഷം 23,712 ജണ്ടകൾ സ്ഥാപിക്കുന്നതിനും ജല ദൗർലഭ്യത്താൽ വന്യമൃഗങ്ങൾ വനത്തിനുപുറത്തേയ്ക്ക് വരുന്നത് ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ നിലവിലുള്ള ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും 350 പുതിയ ജലാശയങ്ങൾ സജ്ജീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. തേനിയിൽ കാട്ടുതീ പടർന്നുപിടിച്ച പശ്ചാത്തലം കണക്കിലെടുത്ത് കാട്ടുതീയുടെ ആവിർഭാവവും സാദ്ധ്യതയും മുൻകൂട്ടി അറിയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി

ഉപഗ്രഹസഹായത്തോടെ ഫോറസ്റ്റ് അലെർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം 316.4014 ഹെക്ടർ സ്ഥലം റിസർവ്വായി പ്രഖ്യാപിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച 10 ഫോറസ്റ്റ് സ്റ്റേഷനുകൾക്കാവശ്യമായ തസ്തികകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷനുകൾ കാര്യക്ഷമമാകുന്നതാണ്. ഈ വർഷം 40 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി ആരംഭിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അഞ്ഞൂറോളം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പി.എസ്.സി. മുഖേന നിയമനം നൽകാൻ സാധിച്ചു. വനാശ്രയ സമൂഹത്തിന്റെ തൊഴിൽപരമായ ആശങ്ക ദൂരീകരിച്ചുകൊണ്ട് സിവിൽ വർക്കുകൾ അടക്കമുള്ള പ്രവർത്തനങ്ങൾ അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി കൺവീനർ സിസ്റ്റം ഒഴിവാക്കിക്കൊണ്ട് കോൺട്രാക്ട് സിസ്റ്റം ഇ-ടെണ്ടർ സംവിധാനത്തിലൂടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുത്തൂർ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനും ട്രൈബൽ മേഖലയിലെ ആദിവാസികളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കോട്ടൂർ ആന പരിപാലന കേന്ദ്രത്തിന് കിഫ്ബിയിൽ നിന്ന് 100 കോടി രൂപ

അനുവദിച്ചിട്ടുണ്ട്. ഈ വർഷം അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന 75 നെതിരെ 19 വോട്ടുകളോടെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII -ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും 74 നെതിരെ 19 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII അറിയിപ്പ്

അംഗപരിമിതർക്കായി ദേശീയ നിയമത്തെക്കുറിച്ച് ഒരു ബോധവൽക്കരണ പരിപാടി ഇന്ന് സഭാസമ്മേളനം കഴിഞ്ഞാലുടൻ മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നടക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭ വൈകുന്നേരം 04.06-ന് പിരിഞ്ഞു.)

******